പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1048** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പരപ്പനങ്ങാടി തീരപ്രദേശത്തെ പുലിമുട്ട് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി .എം. എ. സമീർ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി തീരപ്രദേശത്ത് നിലവിലുള്ള പുലിമുട്ടുകൾ ശക്തിപ്പെടുത്തുകയും, പുതിയവ നിർമ്മിക്കുകയും ചെയ്യുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

**<u>മറുപടി:</u>** പരപ്പനങ്ങാടി തീരപ്രദേശത്ത് ഇറിഗേഷൻ വകുപ്പ് കടൽഭിത്തി ഉപയോഗിച്ചുള്ള സംരക്ഷണ പ്രവൃത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇവിടങ്ങളിൽ കടൽഭിത്തി തകർന്നഭാഗങ്ങളിൽ റിഫോർമേഷൻ പ്രവൃത്തികൾ നടപ്പിലാക്കി സംരക്ഷണമൊരുക്കി വരുന്നുണ്ട്. നിലവിൽ തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി തീര പ്രദേശത്ത് പുതിയ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല

**(ബി)** ഇത് സംബന്ധിച്ച പഠനറിപ്പോർട്ട്, ഡി.പി.ആർ. എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പരപ്പനങ്ങാടി തീരപ്രദേശത്ത് ഇറിഗേഷൻ വകുപ്പ് കടൽഭിത്തി ഉപയോഗിച്ചുള്ള സംരക്ഷണ പ്രവൃത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇവിടങ്ങളിൽ കടൽഭിത്തി തകർന്നഭാഗങ്ങളിൽ റിഫോർമേഷൻ പ്രവൃത്തികൾ നടപ്പിലാക്കി സംരക്ഷണമൊരുക്കി വരുന്നുണ്ട്. നിലവിൽ തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി തീര പ്രദേശത്ത് പുതിയ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല

**(സി)** പ്രദേശത്ത് മത്സ്യബന്ധന തുറമുഖനിർമ്മാണം നടക്കുന്നതിനാൽ തൊട്ടടുത്ത ഭാഗങ്ങളിൽ കടലാക്രമണം രൂക്ഷമാകുന്നത് തടയാൻ പുലിമുട്ട് നിർമ്മിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ടി പ്രദേശത്ത് ഹാർബർ നിർമ്മാണം കാരണം കടലാക്രമണം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രദേശത്ത് ഹാർബർ നിർമ്മാണം KIIFB ഫണ്ട് ഉപയോഗിച്ച് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ SPV ആയി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് നടന്നു വരുന്നത്. കടലാക്രമണം രൂക്ഷമാകുന്നതിന് പരിഹാരമായി ഇരു ഭാഗങ്ങളിൽ ഗ്രോയിൻ നിർമ്മാണത്തിനുള്ള സാധ്യത പഠനം നടത്തുന്നതിനായി KSCADC-ൽ നിന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോട് അവശ്യപ്പെട്ടിരുന്നു. പ്രസ്തുത സൈറ്റ് സന്ദർശിച്ച് വിശദമായ

ടെക്നിക്കൽ റിപ്പോർട്ട് നല്ലാൻ CWPRS-ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും 23/06/2026-ൽ കത്ത് നൽകിയിട്ടുണ്ട്.

പ്രസ്തുത ഭാഗത്ത് സംരക്ഷണത്തിനായി കടൽഭിത്തി നിർമ്മിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ജലസേചന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. അടിയന്തിര സംരക്ഷണമെന്ന നിലയിൽ പുതുതായി നിർമ്മിക്കുന്ന ഹാർബറിന്റെ ഉൾഭാഗത്തുള്ള നിലവിൽ ഉപയോഗത്തിലില്ലാത്ത കടൽഭിത്തിയുടെ കല്ലുകൾ ഉപയോഗിച്ച് ഡംപ് ചെയ്ത് പ്രസ്തുത ഭാഗത്ത് താല്ക്കാലിക സംരക്ഷണമൊരുക്കുന്ന പ്രവൃത്തി ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**